2026
MARCH
30
MONDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# നിയമസഭാ തിരഞ്ഞെടുപ്പ്: തപാൽ വോട്ട് രേഖപ്പെടുത്തുന്നതിനുള്ള സമയക്രമം പ്രഖ്യാപിച്ചു

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് പോസ്റ്റൽ ബാലറ്റ് (തപാൽ വോട്ട്) രേഖപ്പെടുത്തുന്നതിനുള്ള വിശദമായ സമയക്രമവും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചു. ഇന്ന് മുതൽ ഭിന്നശേഷിക്കാർ, 85 വയസ്സിനു മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർ എന്നിവർക്കായി വീടുകളിൽ എത്തി വോട്ട് രേഖപ്പെടുത്തുന്നതിനായുള്ള ഹോം വോട്ടിങ് നടപടികളും ചൊവ്വാഴ്ച മുതൽ അവശ്യ സർവീസുകളിൽ ഉൾപ്പെട്ട വോട്ടർമാർക്കായി പോസ്റ്റൽ വോട്ടർ സെന്ററുകളും ആരംഭിക്കുമെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ ജി. പ്രിയങ്ക അറിയിച്ചു.

തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർക്കായി വോട്ടർ ഫെസിലിറ്റേഷൻ സെന്ററുകൾ അടുത്ത രണ്ട് ദിവസത്തിനുള്ളിൽ ആരംഭിക്കുമെന്നും ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു. പോളിങ് ഉദ്യോഗസ്ഥർക്കും ഇതര ഡ്യൂട്ടിയുള്ളവർക്കും രണ്ടാം ഘട്ട പരിശീലനത്തിന് ശേഷം വോട്ട് രേഖപ്പെടുത്താം. ഡ്രൈവർമാർ, വീഡിയോഗ്രാഫർമാർ, പോലീസ് ഉദ്യോഗസ്ഥർ തുടങ്ങി പോളിങ് അല്ലാത്ത തിരഞ്ഞെടുപ്പ് ഡ്യൂട്ടിയുള്ള ജീവനക്കാർക്കായി ഓരോ ജില്ലയിലും പ്രത്യേക വോട്ടർ ഫെസിലിറ്റേഷൻ സെന്ററുകൾ സജ്ജീകരിക്കും. തപാൽ വോട്ടുകൾ കൃത്യമായി തരംതിരിക്കുന്നതിനായി പുറം കവറുകളിൽ (13C) പ്രത്യേക സ്റ്റിക്കറുകൾ പതിപ്പിക്കണമെന്ന് റിട്ടേണിംഗ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഹോം വോട്ടിങ് കിറ്റുകൾ

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് വീടുകളിൽ പോയി വോട്ട് ചെയ്യിക്കുന്ന നടപടികളിൽ പൂർണ്ണ സുതാര്യത ഉറപ്പാക്കാൻ സ്ഥാനാർത്ഥികൾക്ക് പ്രത്യേക കിറ്റുകൾ നൽകും.

ഇതിൽ വീടുകളിൽ വോട്ട് ചെയ്യിക്കാൻ പോളിങ് ടീം എത്തുന്ന കൃത്യമായ സമയക്രമം, ടീമുകൾ സഞ്ചരിക്കുന്ന റൂട്ട് മാപ്പ്, മണ്ഡലത്തിലെ അംഗീകൃത 'ഹോം വോട്ടിങ്' വോട്ടർമാരുടെ പട്ടിക എന്നിവ ഉണ്ടായിരിക്കും. ഈ വിവരങ്ങൾ വോട്ട് ചെയ്യിക്കുന്ന നടപടികൾ ആരംഭിക്കുന്നതിന് മുൻപ് തന്നെ സ്ഥാനാർത്ഥികൾക്ക് ലഭ്യമാക്കണമെന്നും ജില്ലാ കളക്ടർ ജി. പ്രിയങ്ക നിർദേശിച്ചു.

## നിയമസഭാ തിരഞ്ഞെടുപ്പ്: ജില്ലയിൽ വനിതാ ശിശുസൗഹൃദ ബൂത്തുകൾ ഒരുങ്ങുന്നു

**കൊച്ചി:** വോട്ടുചെയ്യാൻ ക്യൂ നിൽക്കുമ്പോൾ ഇനി അമ്മമാർക്ക് കുഞ്ഞുങ്ങളെ ഓർത്ത് വേവലാതി വേണ്ട. കൈക്കുഞ്ഞുങ്ങളുമായെത്തുന്ന അമ്മമാർക്കും ഗർഭിണികൾക്കും മുതിർന്ന പൗരന്മാർക്കും പ്രത്യേക പരിഗണന നൽകി ജില്ലയിൽ 'വനിതാ ശിശുസൗഹൃദ ബൂത്തുകൾ' സജ്ജമാകുന്നു. തിരഞ്ഞെടുപ്പ് പ്രക്രിയ കൂടുതൽ ജനകീയമാക്കുന്നതിനും സ്ത്രീപങ്കാളിത്തം ഉറപ്പാക്കുന്നതിനുമായാണ് ജില്ലാ ഭരണകൂടത്തിന്റെ ഈ കരുതലൊരുക്കം. അമ്മമാർ വോട്ട് രേഖപ്പെടുത്തുന്ന സമയത്ത് കുട്ടികളെ സുരക്ഷിതമായി ഇരുത്തുന്നതിനായി ബൂത്തുകളിൽ 'മിനി ക്രഷ്' സൗകര്യം ലഭ്യമാക്കും. മുലയൂട്ടുന്ന അമ്മമാർക്കായി പ്രത്യേക മുറികളും ഗർഭിണികൾക്കും സ്ത്രീകൾക്കും വിശ്രമിക്കാനുള്ള ഇടങ്ങളും ഒരുക്കും. അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സേവനം കൂടി ലഭ്യമാക്കുന്നതോടെ കുട്ടികളുടെ പരിപാലനം കൂടുതൽ എളുപ്പമാകും.

## മുതിർന്നവർക്കും ഭിന്നശേഷിക്കാർക്കും കൈത്താങ്ങ്

**കൊച്ചി:** വനിതകൾക്കും കുട്ടികൾക്കും പുറമെ, വോട്ടുചെയ്യാനെത്തുന്ന മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും ആവശ്യമെങ്കിൽ വിശ്രമിക്കാനായി ഇത്തരം ഇടങ്ങൾ ഉപയോഗിക്കാം. പോളിങ് കേന്ദ്രങ്ങളിലെ തിരക്ക് ഒഴിവാക്കാനും ശാരീരിക ബുദ്ധിമുട്ടുകൾ നേരിടുന്നവർക്ക് ആശ്വാസം നൽകാനും പുതിയ സൗകര്യം സഹായകമാകും. ജില്ലയിലെ കൂടുതൽ ബൂത്തുകളിലേക്ക് ഈ മാതൃക വ്യാപിപ്പിക്കുന്നതിലൂടെ വോട്ടിങ് ശതമാനം വർധിപ്പിക്കാനാവുമെന്നാണ് അധികൃതരുടെ പ്രതീക്ഷ.

# പാചകവാതക വിതരണം: ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചു

**കൊച്ചി:** പാചകവാതക വിതരണ രംഗത്ത് നിലവിൽ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് ജില്ലയിൽ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചു. ജില്ലാ കളക്ടർ ജി പ്രിയങ്ക അധ്യക്ഷയായ കമ്മിറ്റിയിൽ ജില്ലാ സപ്ലൈ ഓഫീസർ എസ്.ആർ സ്മിത കൺവീനറാണ്.

ഗാർഹിക ആവശ്യത്തിനുള്ള സിലിണ്ടറുകളുടെ വിതരണം സുഗമമായി നടക്കുന്നു. വ്യവസായിക ആവശ്യത്തിനുള്ള സിലിണ്ടറുകളുടെ വിതരണം പരിമിതപ്പെടുത്തിയിട്ടുണ്ട് എന്ന് പാചകവാതക രംഗത്തെ പ്രശ്നങ്ങൾ അവലോകനം ചെയ്യാൻ കാക്കനാട് കളക്ടറുടെ ചേംബറിൽ ചേർന്ന ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി യോഗം അറിയിച്ചു. www.lpgtrackerkerala.in എന്ന ആപ്ലിക്കേഷൻ വഴിയല്ലാതെ സിലിണ്ടർ ബുക്കിംഗ് അനുവദിക്കുന്നതല്ല.

അപേക്ഷ സമർപ്പിക്കുന്നവർ കൺസ്യൂമർ നമ്പർ, ഏജൻസിയുടെ പേര്, സ്ഥാപനത്തിന്റെ പേര്, സ്ഥാപനത്തിന്റെ ചെറിയ വിവരണം എന്നിവ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കണം. അല്ലാത്തപക്ഷം അപേക്ഷ നിരസിക്കും. ജില്ലയിലെ കൺട്രോൾ റൂമിൽ സിലിണ്ടറുകൾ ലഭിക്കുന്നതിനായി 3296 അപേക്ഷകൾ ലഭിച്ചതിൽ കൺസ്യൂമർ നമ്പർ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്ത 1884 അപേക്ഷകൾ ഒഴികെ ബാക്കി അപേക്ഷകൾ പരിഹരിച്ചു.

ആശുപത്രികൾ, വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ, കമ്മ്യൂണിറ്റി കിച്ചണുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ, പൊതുശ്മശാനം എന്നിവയ്ക്കാണ് വാണിജ്യ സിലിണ്ടർ വിതരണത്തിൽ മുൻഗണന നൽകുന്നത്. പാചകവാതക സിലിണ്ടറുകളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ് എന്നിവ തടയുന്നതിന് ഒമ്പത് പരിശോധന സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എൽ.പി.ജി യ്ക്ക് പകരം പി.എൻ.ജി സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുവെന്നും യോഗം അറിയിച്ചു.




*പാചകവാതക വിതരണ രംഗത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ചേർന്ന ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി യോഗത്തിൽ ജില്ലാ കളക്ടർ ജി പ്രിയങ്ക സംസാരിക്കുന്നു.*

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **സ്വാമി ശാശ്വതികാനന്ദ കോളേജ് :** മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ സ്വാമി ശാശ്വതികാനന്ദ കോളേജ്, പൂത്തോട്ടയിൽ ഓൾ ഇന്ത്യ ചാമ്പ്യൻഷിപ്പ് രാവിലെ 10ന്.
■ **ലിറ്റിൽ ഫ്ളവർ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് :** മെഗാ വാക്ക് – ഇൻ ഇന്റർവ്യൂ രാവിലെ 10 മണി മുതൽ.

## മട്ടാഞ്ചേരി

■ **കൊച്ചി തിരുമല ക്ഷേത്രം :** തിരുമല ക്ഷേത്ര മഹോത്സവം രാവിലെ 6ന്.

## നെടുമ്പാശ്ശേരി

■ **നെടുമ്പാശ്ശേരി ശ്രീ ദുർഗ്ഗാദേവി ക്ഷേത്രം:** എസ് എൻ ഡി പി യോഗം ശാഖ നമ്പർ 2583 അത്താണി വക തിരുവുത്സവം 2026 വൈകിട്ട് 6.30ന് തിരുവുത്സവ മഹാദീപാരാധന.

## അങ്കമാലി

■ **പീച്ചാനിക്കാട് സെന്റ് ജോർജ്ജ് താബോർ യാക്കോബായ സുറിയാനി പള്ളി:** യേശുക്രിസ്തുവിന്റെ യെരുശലേം ദൈവാലയത്തിലേയ്ക്കുള്ള രാജകീയ എഴുന്നള്ളത്തിന്റെ മഹാസ്മരണ പുതുക്കിക്കൊണ്ടുള്ള ഓശാന പെരുന്നാളും വിശുദ്ധവാരശുശ്രൂഷകളും വൈകിട്ട് 6ന്.

# തിരഞ്ഞെടുപ്പ് ബോധവൽക്കരണം: വാട്ടർ മെട്രോയിൽ യാത്ര ചെയ്ത് ജില്ലാ കളക്ടർ

**കൊച്ചി:** തിരഞ്ഞെടുപ്പ് ബോധവൽക്കരണത്തിന്റെ ഭാഗമായി ജില്ലാ കളക്ടർ ജി പ്രിയങ്കയും സ്വീപ് നോഡൽ ഓഫീസർ കൂടിയായ അസിസ്റ്റന്റ് കളക്ടർ പാർവതി ഗോപകുമാറും കൊച്ചി വാട്ടർ മെട്രോയിൽ യാത്ര ചെയ്ത് വോട്ടർമാരുമായി സംവദിച്ചു.

കഴിഞ്ഞ ദിവസം ഹൈക്കോർട്ട് വാട്ടർ മെട്രോ സ്റ്റേഷനിൽ നിന്നും ഫോർട്ടുകൊച്ചി വാട്ടർ മെട്രോ സ്റ്റേഷനിലേക്കായിരുന്നു യാത്ര. ഏപ്രിൽ ഒമ്പതിന് ജില്ലയിലെ പരമാവധി വോട്ടർമാരെ പോളിംഗ് ബൂത്തിൽ എത്തിക്കുക എന്നതാണ് ജില്ലാ ഭരണകൂടത്തിന്റെ ലക്ഷ്യം. അതിനായി സമ്മതിദായകരെ നേരിട്ട് കണ്ട് വോട്ട് ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിക്കുകയാണ് മെട്രോ യാത്രയിലൂടെ ഉദ്ദേശിക്കുന്നതെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ പറഞ്ഞു. തുടർന്ന് ഹരിത കേരള മിഷൻ, ശുചിത്വമിഷൻ, ക്യാപ്റ്റൻസ് എൻ.ജി.ഒ ഡ്യൂറാവിറ്റ് എന്നിവർ സംയുക്തമായി കോളേജ് വിദ്യാർത്ഥികൾക്കായി ഫോർട്ടുകൊച്ചിയിൽ സംഘടിപ്പിച്ച ട്രാഷ് ഹണ്ടിന്റെ വിജയികൾക്കുള്ള സമ്മാനങ്ങൾ ജില്ലാ കളക്ടർ വിതരണം ചെയ്തു.

കോളേജ് വിദ്യാർത്ഥികൾക്ക് ഇലക്ഷൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അതിനുശേഷം വിദ്യാർത്ഥികളുടെ ഫ്ളാഷ് മോബ് അരങ്ങേറി. തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് ജില്ലാ ഭരണകൂടം പുറത്തിറക്കിയ ജെൻ സി വോട്ടുപാട്ടിനാണ് വിദ്യാർഥികൾ ചുവടുവെച്ചത്.

# 2026 നിയമസഭാ തിരഞ്ഞെടുപ്പ്: യഥാർത്ഥ ഹീറോ വോട്ടർമാർ




**കൊച്ചി:** 2026–ലെ നിയമസഭാ തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ കേരളത്തിന്റെ രാഷ്ട്രീയ ഗതിവിഗതികൾ ചർച്ച ചെയ്യുന്നതിനായി സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ച്, സൗത്ത് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ കൊച്ചിയിൽ ഉന്നതതല സംവാദം സംഘടിപ്പിച്ചു. 'ഡെമോക്രസി ഇൻ ഫോക്കസ്: അസംബ്ലി ഇലക്ഷൻ 2026 – ഇഷ്യൂസ്, പീപ്പിൾ ആൻഡ് ചോയ്സസ്' എന്ന പേരിൽ സംഘടിപ്പിച്ച പരിപാടിയിൽ പ്രമുഖ രാഷ്ട്രീയ നിരീക്ഷകരും നയതന്ത്ര വിദഗ്ധരും പങ്കെടുത്തു. തമിഴ്നാട് മുൻ ചീഫ് സെക്രട്ടറിയും എസ് ഐ സി സി ഐ കേരള അഡ്വൈസറി കമ്മിറ്റി അംഗവുമായ പി.സി. സിറിയക് പ്രത്യേക പ്രഭാഷണം നടത്തി. ഭരണപരിചയത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് പ്രക്രിയയെയും നേതൃത്വപരമായ വെല്ലുവിളികളെയും കുറിച്ച് അദ്ദേഹം തന്റെ നിരീക്ഷണങ്ങൾ പങ്കുവെച്ചു.

രാഷ്ട്രീയ നിരീക്ഷകനായ ഡോ. സന്ദീപ് ശാസ്ത്രി (വൈസ് പ്രസിഡന്റ്, നിട്ടെ എഡ്യൂക്കേഷൻ ട്രസ്റ്റ്), കേരള സെൻട്രൽ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ പ്രൊഫ. (ഡോ) ജി. ഗോപകുമാർ എന്നിവർ പങ്കെടുത്ത ചർച്ചയിൽ കേരളത്തിലെ വോട്ടിംഗ് രീതികൾ, ദേശീയ രാഷ്ട്രീയത്തിന്റെ സ്വാധീനം, യുവജനങ്ങളുടെയും പ്രവാസികളുടെയും നിലപാടുകൾ എന്നിവയെക്കുറിച്ച് ഇരുവരും വിശദമായി സംസാരിച്ചു. ഈ തിരഞ്ഞെടുപ്പിലെ യഥാർത്ഥ ഹീറോ കേരളത്തിലെ വോട്ടർമാരാണ്,' ഡോ. ശാസ്ത്രി നിരീക്ഷിച്ചു. കേരളത്തിലെ വോട്ടർമാരുടെ വിവേകവും ദീർഘവീക്ഷണവുമാണ് നമ്മുടെ ജനാധിപത്യത്തെ ഇത്രത്തോളം അർത്ഥവത്തായി നിലനിർത്തുന്നത്. ഇന്ത്യയിലേത് കേവലം തിരഞ്ഞെടുപ്പുകളിൽ മാത്രം ഒതുങ്ങുന്ന ജനാധിപത്യമാണെന്ന് ചിലർ വിമർശിക്കാറുണ്ടെങ്കിലും, വോട്ടർമാരുടെ ഈ സജീവമായ പങ്കാളിത്തമാണ് ജനാധിപത്യത്തിന്റെ യഥാർത്ഥ നേട്ടമെന്നും അദ്ദേഹം പറഞ്ഞു സി.പി.പി.ആർ ചെയർമാൻ ഡോ. ഡി. ധനുരാജ് നന്ദി രേഖപ്പെടുത്തി.

ന്യൂനപക്ഷ വോട്ടുകളിലെ മാറ്റങ്ങൾ, പ്രബല കക്ഷികൾ തമ്മിലുള്ള 'ഡീൽ തിയറികളുടെ' സത്യാവസ്ഥ, കേരളത്തിന്റെ സവിശേഷമായ ജനസംഖ്യാ ഘടനയിൽ സോഷ്യൽ എഞ്ചിനീയറിംഗ് ചെലുത്തുന്ന സ്വാധീനം, സംസ്ഥാനത്തിന്റെ എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ സദസ്യരും പാനലിസ്റ്റുകളും തമ്മിൽ നടന്ന സജീവമായ ചോദ്യോത്തര വേളയോടെ സംവാദം സമാപിച്ചു.

# തിരഞ്ഞെടുപ്പ് ബി.എൽ.ഒമാരുമായി ജില്ലാ കളക്ടർ സംവദിച്ചു

**കൊച്ചി:** വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ പരമാവധി വോട്ടർമാരെ ബൂത്തുകളിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യം നേടുന്നതിനായി ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ ജി പ്രിയങ്ക ബൂത്ത് ലെവൽ ഓഫീസർമാരുമായി (ബി. എൽ. ഒ) സംവദിച്ചു. തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി വോട്ടർമാരുമായി ഏറ്റവുമധികം അടുത്തിടപഴകാൻ സാധിച്ചവരാണ് ബി.എൽ.ഒ മാർ. പരമാവധി വോട്ടർമാരെ ബൂത്തുകളിലേക്ക് കൊണ്ടുവരുന്നതിനാണ് ജില്ലാ ഭരണകൂടം ശ്രമിക്കുന്നത്. അതിന് ബി. എൽ.ഒമാരുടെ സഹകരണം ആവശ്യമാണെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു. എറണാകുളം, തൃക്കാക്കര, തൃപ്പൂണിത്തുറ നിയോജക മണ്ഡലങ്ങളിലെ ഏകദേശം 762 ഓളം ബി.എൽ.ഒമാരുമായാണ് ജില്ലാ കളക്ടർ ആശയവിനിമയം നടത്തിയത്. തിരഞ്ഞെടുപ്പ് ജോലിയുടെ പ്രാധാന്യത്തെ കുറിച്ചും, ഹോം വോട്ടിങ്ങിനെ കുറിച്ചുമെല്ലാം ജില്ലാ കളക്ടർ വിശദീകരിച്ചു.എറണാകുളം സെന്റ് തെരേസാസ് കോളേജിൽ നടന്ന യോഗത്തിൽ അതത് നിയോജകമണ്ഡലങ്ങളിലെ റിട്ടേണിംഗ് ഓഫീസർമാരും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്തു.

# കുട്ടികളിലെ പഠന വൈകല്യ നിർണയ–നിവാരണ ക്യമ്പ് സംഘടിപ്പിക്കുന്നു

**കൊച്ചി :** പഠന വൈകല്യം, ശ്രദ്ധക്കുറവ്, ഹൈപ്പർ ആക്റ്റിവിറ്റി തുടങ്ങിയ ബുദ്ധിമുട്ടുകളുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനവും സമഗ്ര നിർണ്ണയവും, നിവാരണവും ഏപ്രിൽ 6 മുതൽ 25 വരെ രാവിലെ പത്ത് മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ പനമ്പിള്ളി നഗറിൽ പ്രവർത്തിക്കുന്ന ചൈൽഡ് കെയർ സെന്ററിൽ നടക്കും. 6 മുതൽ 13 വയസ്സുവരെയുള്ള കുട്ടികൾക്കാണ് ക്യാമ്പ്. എല്ലാ ദിവസവും വ്യക്തിഗത റെമഡിയൽ ക്ലാസ്സുകളും മാതാപിതാക്കൾക്കുള്ള പേരന്റിംഗ് ക്ലാസ്സും നടക്കും. കുട്ടികളുട സംസാര വൈകല്യങ്ങൾ കണ്ടുപിടിക്കുന്നതിനും, സംസാരത്തിലുള്ള താമസം, വിക്ക് സംസാരശേഷി മെച്ചപ്പെടുത്താനുള്ള പരിശീലനവും ഉണ്ടായിരിക്കും. ഓരോ കുട്ടിയുടെയും സ്വാഭാവിക കഴിവുകൾ കണ്ടെത്തി അവ പ്രോത്സാഹിപ്പിച്ച് പഠനം മെച്ചപ്പെടുത്തുവാനും അവർക്ക് ആത്മവിശ്വാസം കൂട്ടുവാനും വായന, എഴുത്ത്, കണക്ക് അപഗ്രഥനം, ശ്രദ്ധയും, ഓർമ്മയും മെച്ചപ്പെടുത്തുവാനും പഠനം ആയാസ രഹിതമാക്കുന്നതിനും വേണ്ടിയുള്ളതാണ് ഈ ക്യാമ്പ്. കൂടുതൽ വിവരങ്ങൾക്ക് രജിസ്ട്രേഷനും 9895705080.

# സ്ത്രീകളുടെ ആരോഗ്യം സമൂഹവികസനത്തിന്റെ മുഖ്യഘടകം: ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ



**കൊച്ചി:** സ്ത്രീകളുടെ ആരോഗ്യവും ക്ഷേമവും സമൂഹത്തിന്റെ സമഗ്ര വികസനവുമായി ചേർത്ത് കാണേണ്ട പ്രധാന ഘടകമാണെന്ന് ഹൈക്കോടതി ജഡ്ജിയായ ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു. പബ്ലിക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യയുടെ യുവജനവിഭാഗമായ യങ് കമ്മ്യൂണിക്കേറ്റേഴ്സ് ക്ലബ്, തേവര കോളേജ് ചാപ്റ്ററിന്റെ നേതൃത്വത്തിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കൊച്ചിയുമായി ചേർന്ന് സംഘടിപ്പിക്കുന്ന ഹാർട്ടിയൻ വിമൺ ഹെൽത്ത് സമ്മിറ്റിയുടെ ഔദ്യോഗിക പ്രഖ്യാപനവും ലോഗോ പ്രകാശനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. യുവതലമുറയിൽ ആരോഗ്യബോധം വളർത്തുന്നതിൽ കോളേജുകൾക്ക് നിർണായക പങ്കുണ്ടെന്നും ഇത്തരം പരിപാടികൾ അറിവും പ്രവർത്തനവും തമ്മിലുള്ള അന്തരം കുറയ്ക്കാൻ സഹായിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു. 2026 ജൂൺ 3–ന് തേവര കോളേജിൽ നടക്കുന്ന സമ്മിറ്റിൽ ആരോഗ്യരംഗത്തെ വിദഗ്ധർ, വിദ്യാർത്ഥികൾ, പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കുമെന്നും പറഞ്ഞു. ചടങ്ങിൽ സമ്മിറ്റിന്റെ ലോഗോ ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഡോ. കെ. ചിത്രതാരയ്ക്ക് നൽകി പ്രകാശനം ചെയ്തു. തേവര കോളേജ് പ്രിൻസിപ്പൽ പ്രൊഫ. സി.എസ്. ബിജു അധ്യക്ഷത വഹിച്ചു. വി പി എസ് ലേക്ക്ഷോർ ഹോസ്പിറ്റൽ ഡയറക്ടർ ഡോ. കെ. ചിത്രതാര, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കൊച്ചി പ്രസിഡന്റ് ഡോ. അതുൽ ജോസഫ് മാനുവൽ, എസ് എച്ച് ഇൻസ്റ്റിറ്റിയൂഷൻസ് മാനേജർ റവ. ഫാദർ വർഗീസ് കാച്ചപ്പിള്ളി, പബ്ലിക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യ നാഷണൽ ഗവണിംഗ് കൗൺസിൽ ചെയർമാൻ ഡോ. ടി വിനയ് കുമാർ, പി ആർ സി ഐ –വൈസി സി കേരള ഡയറക്ടർ സുജിത് നാരായണൻ, ചെയർമാൻ റാം സി മേനോൻ എന്നിവർ സംസാരിച്ചു.

# മാസ്റ്റേഴ്സ് ടേബിൾ ടെന്നീസ്



കൊച്ചി: ചണ്ഡിഗഢിൽ നടന്ന അഞ്ചാമത് ഖേലോ മാസ്റ്റേഴ്സ് നാഷണൽ ഗെയിംസ് വനിതാ സിംഗിൾസ് ടേബിൾ ടെന്നീസിൽ ഗോൾഡ് മെഡൽ നേടിയ കോഴിക്കോട് സ്വദേശിനി കെ.എൻ.രേഷ്മ

സൊസൈറ്റി ടുഡേ
SOCIETY TODAY

# തിരഞ്ഞെടുപ്പ്: രണ്ടാം ഘട്ട റാൻഡമൈസേഷൻ പൂർത്തിയായി; ഉദ്യോഗസ്ഥർക്കുള്ള നിയമന ഉത്തരവ് പുറപ്പെടുവിച്ചു

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഉദ്യോഗസ്ഥരുടെ രണ്ടാം ഘട്ട റാൻഡമൈസേഷൻ നടപടികൾ പൂർത്തിയായി. രണ്ടാംഘട്ട റാൻഡമൈസേഷൻ വഴി ആകെ 15148 ഉദ്യോഗസ്ഥരെയാണ വിവിധ പോളിങ് ജോലികൾക്കായി നിയോഗിച്ചിട്ടുള്ളത്: പ്രിസൈഡിംഗ് ഓഫീസർമാർ: 3787 പേർ, ഫസ്റ്റ് പോളിങ് ഓഫീസർമാർ: 3787 പേർ, പോളിങ് ഓഫീസർമാർ: 7,574. അപ്രതീക്ഷിത സാഹചര്യങ്ങൾ നേരിടുന്നതിനായി 20% ഉദ്യോഗസ്ഥരെ റിസർവ് വിഭാഗത്തിൽ നിലനിർത്തിയിട്ടുണ്ട്. ഏത് നിയോജക മണ്ഡലത്തിലാണ് തിരഞ്ഞെടുപ്പ് ജോലി എന്നും ഏതൊക്കെ പോളിങ് പാർട്ടികളിലാണ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിരിക്കുന്നത് എന്നുമുള്ള കൃത്യമായ വിവരം രണ്ടാം ഘട്ട റാൻഡമൈസേഷനിലൂടെ വ്യക്തമായി.

റാൻഡമൈസേഷൻ ശേഷം പോളിങ് ഉദ്യോഗസ്ഥർക്കുള്ള നിയമന ഉത്തരവുകൾ പുറപ്പെടുവിച്ചു. തിരഞ്ഞെടുപ്പ് ജോലിക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്കുള്ള പരിശീലന ക്ലാസുകൾ മാർച്ച് 31 മുതൽ ആരംഭിക്കും. പരിശീലനത്തിന് എല്ലാ ഉദ്യോഗസ്ഥരും നിർബന്ധമായും പങ്കെടുക്കണമെന്ന് ജില്ലാ കളക്ടർ പറഞ്ഞു. കാക്കനാട് സിവിൽ സ്റ്റേഷനിലെ ജില്ലാ കളക്ടറുടെ ചേംബറിൽ തിരഞ്ഞെടുപ്പ് ഒബ്സർവർമാരുടെ സാന്നിധ്യത്തിൽ ആയിരുന്നു രണ്ടാംഘട്ട റാൻഡമൈസേഷൻ നടപടികൾ നടന്നത്.

# ആവേശം വിതച്ച് പി.രാജീവിന്റെ വാഹന പര്യടനം



**കളമശ്ശേരി:** കളമശ്ശേരി നിയോജക മണ്ഡലം എൽഡിഎഫ് സ്ഥാനാർത്ഥി പി. രാജീവിന്റെ വാഹന പ്രചരണത്തിന്റെയും സ്വീകരണത്തിന്റെയും നാലാം ദിവസമായ ഇന്നലെ വട്ടേക്കുന്നം മേഖലയിലൂടെയാണ് രാവിലത്തെ പര്യടനം കടന്നുപോയത്. ടോൾഗേറ്റ് കൊല്ലംമുറി (മുന്ന ജംഗ്ഷൻ) നിന്നാരംഭിച്ച പര്യടനം പതിവ് പോലെ ആവേശകരമായിരുന്നു. വാഹനം റാവു ജംഗ്ഷനിൽ എത്തിയപ്പോൾ 'മറ്റാരുണ്ട് എൽഡിഎഫ് അല്ലാതെ' എന്നെഴുതിയ കുടിവെള്ള കുപ്പിയാണ് സ്ഥാനാർത്ഥിക്ക് ലഭിച്ചത്. മാറരുത് എന്ന് എഴുതിയ തണ്ണി മത്തങ്ങ കൂടി ലഭിച്ചത് കൗതുകമായി. യു.ഡി.എഫ് സ്ഥാനാർത്ഥിയുടെ പ്രചാരണ വാചകത്തിന് ബദലായിരുന്നു അത്. കൂനംതൈയിലെ സ്വീകരണങ്ങൾ ഏറ്റുവാങ്ങുന്നതിന് ഇടയിലാണ് കുട്ടികൾ ഫുട്ബോളുമായി എത്തിയത്. കുറച്ചുനേരം അത് വിരൽ തുമ്പിലിട്ട് കറക്കി. മുൻസിപ്പൽ ഗ്രൗണ്ടിൽ യുവാക്കൾ ക്രിക്കറ്റ് കളിക്കുന്നത് കണ്ട് അവിടേക്ക് ചെന്നു. കളിക്കാരിൽ നിന്നും ബാറ്റ് വാങ്ങി മൂന്ന് പന്ത് നേരിട്ടു. രണ്ടെണ്ണം അടിച്ചു പറത്തി. മൂസിയം നഗർ ആയിരുന്നു അടുത്ത സ്വീകരണ സ്ഥലം. അവിടെ നിന്ന് എസ്.എഫ്.ഐ ഏരിയ കമ്മിറ്റി അംഗം ഐഷ നസ്രീനും സ്ഥാനാർത്ഥിക്കൊപ്പം തുറന്ന ജീപ്പിൽ കയറി. വട്ടേക്കുന്നം ഹംസമുക്കിൽ (മലൈതൈക്കാവ്) എത്തിയപ്പോൾ ഒരു കടയുടെ ഉദ്ഘാടനം നടക്കുകയാണ്. ഹംസമുക്കിലെ അഞ്ച് കുരുന്നുകൾ ചേർന്ന് നടത്തുന്ന വേനലവധിക്കാല കടയാണ്. അൽഫിയ ഫാത്തിമ, അൽ അമീൻ, നിഷാദ് നാസർ, മുഹമ്മദ് അഫലഹ്, ഷംസിൽ മെഹറാബ് എന്നിവരാണ് കട ഉടമകൾ. ആദ്യകച്ചവടത്തിന് സ്ഥാനാർത്ഥിയെ തന്നെ കിട്ടിയപ്പോൾ അവർക്കും സന്തോഷം. നാട മുറിച്ച് കട ഉദ്ഘാടനം ചെയ്തത് കൂടാതെ ആദ്യത്തെ പണമിടപാടും സ്ഥാനാർത്ഥി തന്നെ നടത്തി. പകരം മിഠായി വാങ്ങി. കടയുടെ വിജയകരമായ നടത്തിപ്പിനുള്ള ആശംസകൾ നേരുകയും ചെയ്തു. പുഞ്ചത്തോട് (പഞ്ചായത്ത് കിണർ) ആയിരുന്നു അടുത്ത സ്വീകരണ സ്ഥലം. സ്കൂൾ പറമ്പ്, കൈനാത്ത് പറമ്പ് എന്നിവിടങ്ങളിലും സ്വീകരണങ്ങൾ ഏറ്റുവാങ്ങി മുട്ടാറിൽ എത്തിച്ചേർന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വോട്ടഭ്യർത്ഥിച്ച് വന്നപ്പോൾ വട്ടേക്കുന്നിൽ നിന്നുള്ള പ്രധാന ആവശ്യം ഒരു ഗ്രൗണ്ട് ആയിരുന്നു. ആ ആവശ്യം പൂർണ്ണമായും നിർവഹിച്ചിട്ടാണ് താൻ ഇത്തവണയും വോട്ട് തേടിയെത്തിയിരിക്കുന്നത്. 2031ൽ മുട്ടാറിനെ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റുമെന്നാണ് ഇത്തവണ താൻ പറയുന്നത് എന്നാണ് വട്ടേക്കുന്നിൽ അദ്ദേഹം പ്രധാനമായും പറഞ്ഞത്. മുട്ടാറിൽ നിന്ന് എസ്റ്റേറ്റ് കവലയിലെത്തി രാവിലത്തെ പര്യടനം അവസാനിപ്പിച്ചു.

# തിരഞ്ഞെടുപ്പ് ജോലിയുള്ളവർക്ക് വോട്ട് രേഖപ്പെടുത്താം; ജില്ലയിൽ ക്രമീകരണങ്ങൾ പൂർത്തിയായി

**കൊച്ചി:** വിവിധ തിരഞ്ഞെടുപ്പ് ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വോട്ട് ചെയ്യുന്നതിനായി ജില്ലയിലെ വോട്ടർ ഫെസിലിറ്റേഷൻ സെന്ററുകൾ, പോസ്റ്റൽ വോട്ടിംഗ് സെന്ററുകൾ, ഡെസിഗ്നേറ്റഡ് വോട്ടർ ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവയുടെ പ്രവർത്തനക്രമം നിശ്ചയിച്ചു. വോട്ടർ ഫെസിലിറ്റേഷൻ സെന്ററുകളിൽ ഏപ്രിൽ 1 മുതൽ ഏപ്രിൽ 8 വരെയുള്ള എല്ലാ പ്രവൃത്തി ദിവസങ്ങളിലും വോട്ട് രേഖപ്പെടുത്താം. പോസ്റ്റൽ വോട്ടിങ് സെന്ററുകളിൽ മാർച്ച് 31 മുതൽ ഏപ്രിൽ 6 വരെയുള്ള പ്രവൃത്തി ദിവസങ്ങളിലാണ് പോസ്റ്റൽ ബാലറ്റ് ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ സജ്ജീകരിച്ചിട്ടുള്ളത്.

ജില്ലയിലെ പോളിങ് ജോലി ഒഴികെ മറ്റു തിരഞ്ഞെടുപ്പ് ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർ കാക്കനാട് മാർ അത്തനേഷ്യസ് എച്ച് എസ് എസിൽ സജ്ജീകരിച്ചിട്ടുള്ള ഡെസിഗ്നേറ്റഡ് വോട്ടർ ഫെസിലിറ്റേഷൻ സെന്ററിലാണ് വോട്ട് രേഖപ്പെടുത്തേണ്ടത്.പോളിങ് ജോലികൾക്ക് നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥർ അതത് നിയമസഭാ മണ്ഡലങ്ങളിലെ വോട്ടർ ഫെസിലിറ്റേഷൻ സെന്ററുകളിലും, അവശ്യ സർവീസ് വിഭാഗത്തിൽപ്പെട്ടവർ അതത് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ക്രമീകരിച്ചിട്ടുള്ള പോസ്റ്റൽ വോട്ടിംഗ് സെന്ററുകളിലുമാണ് വോട്ട് രേഖപ്പെടുത്തേണ്ടതെന്ന് ജില്ലാ തിരഞ്ഞെടുപ്പ് വിഭാഗം അറിയിച്ചു.

# നാടിനെ ഇളക്കിമറിച്ച് ബാബു ദിവാകരന്റെ റോഡ് ഷോ; അകമ്പടിയായി ജനസാഗരം

**കുന്നത്തുനാട് :** കുന്നത്തുനാടിനെ ഇളക്കിമറിച്ച് ട്വന്റി20-എൻഡിഎ സ്ഥാനാർത്ഥി ബാബു ദിവാകരന്റെ വാഹന പര്യടനം. ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ വാഹന പര്യടനത്തിൽ നിരവധി വാഹനങ്ങളും അകമ്പടി സേവിച്ചതോടെ അക്ഷരാർത്ഥത്തിൽ കുന്നത്തുനാട് ആവേശത്തിലാകുകയായിരുന്നു. രാവിലെ ഭണ്ഡാരക്കവലയിൽ നിന്നാരംഭിച്ച വാഹന പര്യടനം എൻ.ഡി.എ കുന്നത്തുനാട് നിയോജകമണ്ഡലം കൺവീനർ വി.എൻ വിജയൻ ഉത്ഘാടനം ചെയ്തു.

പള്ളിക്കവല, ചേലക്കുളം, വെസ്റ്റ് ചേലക്കുളം, ഷാപ്പുംപടി, പൂക്കാട്ടുപടി, കപ്പേളപ്പടി, പഴങ്ങനാട് വിദ്യാവാലി, ഊരക്കാട്, സെന്റ് ജോർജ് യാക്കോബായ സുറിയാനി പള്ളി ചൂരക്കോട്, ഞാറള്ളൂർ, കുന്നത്തുകുടി ഗോഡ്സ് വില്ല എന്നീ സ്ഥലങ്ങളിലൂടെ കടന്ന് കിഴക്കമ്പലം ബസ് സ്റ്റാൻഡിൽ സമാപിച്ചു. വിവിധ സ്വീകരണ കേന്ദ്രങ്ങളിൽ വോട്ടർമാരും പാർട്ടി പ്രവർത്തകരും ഷാൾ അണിയിച്ചും പൂക്കൾ നൽകിയും സ്ഥാനാർത്ഥി ബാബു ദിവാകരനെ സ്വീകരിച്ചു. ട്വന്റി20 പാർട്ടി ചെയർമാൻ ബോബി ജേക്കബ്, എൻഡിഎ കുന്നത്തുനാട് നിയോജകമണ്ഡലം കൺവീനർ വി. എൻ വിജയൻ, ബിജെപി ജില്ല വൈസ് പ്രസിഡന്റ് കെ. എൻ ഗോപാലകൃഷ്ണൻ, ട്വന്റി 20 നിയോജകമണ്ഡലം പ്രസിഡന്റ് കുര്യൻ ജേക്കബ് തുടങ്ങിയവർ പങ്കെടുത്തു.



*കുന്നത്തുനാട് നിയോജകമണ്ഡലം ട്വന്റി20-എൻഡിഎ സ്ഥാനാർത്ഥി ബാബു ദിവാകരന്റെ വാഹന പര്യടനത്തിന് കുന്നത്തുകുടി ഗോഡ്സ് വില്ലയിൽ നൽകിയ സ്വീകരണത്തിൽ സ്ഥാനാർത്ഥിയെ അനുഗ്രഹിക്കുന്ന വൃദ്ധമാതാവ്.*

# ഇന്ദിര ഗ്യാരണ്ടികൾ വിശദീകരിച്ച് പ്രതിപക്ഷ നേതാവിന്റെ തിരഞ്ഞെടുപ്പ് പ്രചരണം



**പറവൂർ:** പുതുയുഗ യാത്രയുടെ സമാപന സമ്മേളനത്തിൽ രാഹുൽ ഗാന്ധി പ്രഖ്യാപിച്ച ഇന്ദിര ഗ്യാരണ്ടികൾ വിശദീകരിക്കാൻ ഭവന സന്ദർശം നടത്തിയാണ് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഇന്നലത്തെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് തുടക്കം കുറിച്ചത്. കെ.എസ്.ആർ.ടി.സി ബസുകളിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര നൽകുമെന്നും വയോജനങ്ങൾക്ക് വേണ്ടി പ്രത്യേക വകുപ്പ് രൂപീകരിക്കുമെന്നും 25 ലക്ഷം രൂപയുടെ മെഡിക്കൽ ഇൻഷൂറൻസ് ആരംഭിക്കുമെന്നുമുള്ള ഗ്യാരണ്ടികൾ ആവേശത്തോടെയാണ് വീട്ടമ്മാർ സ്വീകരിച്ചത്. ഇരുപത്തഞ്ച് വർഷം തന്നെ ചേർത്ത് നിർത്തിയ പറവൂരിലെ ജനങ്ങൾക്ക് അദ്ദേഹം നന്ദിയും രേഖപ്പെടുത്തി. വടക്കേക്കരയിലായിരുന്നു പ്രതിപക്ഷ നേതാവിന്റെ വാഹന പര്യടനം. കുഞ്ഞിതൈ വ്യാകുല മാതാ കപ്പേളപ്പടിയിൽ മെഴുകു തിരി തെളിയിച്ച പ്രർത്ഥിച്ച ശേഷമാണ് പര്യടനം ആരംഭിച്ചത്. ഓശാന ഞായർ പ്രമാണിച്ച് കപ്പേളയിൽ എത്തിയ വിശ്വാസികൾക്ക് വി.ഡി സതീശൻ ആശംസകൾ നേർന്നു. യുഡിഎഫ് നിയോജകമണ്ഡലം ചെയർമാൻ പി എസ് രഞ്ജിത്ത്, കോൺഗ്രസ് ബ്ലോക്ക് പ്രസിഡ് ഫ്രാൻസിസ് വലിയ പറമ്പിൽ, പറവൂർ മുനിസിപ്പൽ ചെയർമാൻ രമേഷ് ഡി കുറുപ്പ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി ആർ സൈജൻ, യു.ഡി.എഫ് മണ്ഡലം ചെയർമാൻ അനിൽ ഏലിയാസ്, കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് മധുലാൽ എന്നിവർ സംസാരിച്ചു. പാല്യതുരുത്ത്, വാവക്കാട് എസ്എൻഡിപി, ഒറവൻ തുരുത്ത്, മുറവൻതുരുത്ത്, ചാറക്കാട്, ലേബർ ജംഗ്ഷൻ, സെൻ സെബാസ്റ്റ്യൻ കപ്പേള, കുരിയാപ്പിള്ളി , ചെട്ടിക്കാട്, മാല്യങ്കര എന്നിവിടങ്ങളിൽ സ്വീകരണം പൂർത്തിയാക്കി കോട്ടുവള്ളിക്കാട് പര്യടനം സമാപിച്ചു. വൈകിട്ടോട് പുതിയകാവ് സ്കൂൾ പരിസരത്ത് നിന്നു ചിറ്റാറ്റുകരയിലെ പര്യടനം ആരംഭിച്ചു.

# ചെന്നൈയിലെ അശോക് നഗറിന് ഇനി കൂടുതൽ സുരക്ഷ; 100 സിസിടിവി ക്യാമറകൾ സ്ഥാപിച്ചു

**ചെന്നൈ:** പൊതുജന സുരക്ഷ വർദ്ധിപ്പിക്കുന്നതിനും സമൂഹത്തിന് കൂടുതൽ സംരക്ഷണം ഉറപ്പാക്കുന്നതിനുമായി ഐസിഎൽ ഫിൻകോർപും, ലയൺസ് ക്ലബ്ബും തമിഴ്നാട് പോലീസും സംയുക്തമായി അശോക് നഗറിൽ 100 സിസിടിവി ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷണ സംവിധാനം ഏർപ്പെടുത്തി. പ്രദേശവാസികൾക്ക് സുരക്ഷിതമായ അന്തരീക്ഷം ഒരുക്കുന്നതിൽ ഐസിഎൽ ഫിൻകോർപിനുള്ള പ്രതിബദ്ധതയും കൂട്ടായ പൗര പ്രവർത്തനത്തിന്റെ പ്രാധാന്യവും വ്യക്തമാക്കുന്നതാണ് ഈ സംരംഭം. ആർത്രീ അശോക് നഗർ പോലീസ് സ്റ്റേഷൻ, ചെന്നൈയിൽ നടന്ന ചടങ്ങിൽ എൽഎസിടിസി ഗുഡ്വിൽ അംബാസഡറും ഐസിഎൽ ഫിൻകോർപ് സിഎംഡിയുമായ അഡ്വ. കെ. ജി. അനിൽ കുമാർ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ഐസിഎൽ ഫിൻകോർപ്, വൈസ് ചെയർമാനും സിഇഒയുമായ ഉമ അനിൽ കുമാർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ടി. നഗർ ഡിസ്ട്രിക്ട് ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പോലീസ് എസ്. കുത്തലിംഗം, അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് ആർ. ആൽഡ്രിൻ, ഇൻസ്പെക്ടർ ഓഫ് പോലീസ് എസ്. സതീഷ് കുമാർ, ആർ ത്രീ അശോക് നഗർ പോലീസ് സ്റ്റേഷൻ , ഡോ.ജി. മണിലാൽ തുടങ്ങിയവർ സംസാരിച്ചു.

സ്വർണ്ണപ്പണയത്തിലും മറ്റ് സാമ്പത്തിക സേവനങ്ങളിലും മുൻപന്തിയിലുള്ള പ്രമുഖ എൻ.ബി.എഫ്.സി ആയ ഐസിഎൽ ഫിൻകോർപ് പൊതുജന സുരക്ഷയ്ക്കും അയൽപക്ക നന്മയ്ക്കുമായി നിരവധി സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടാറുണ്ടെന്നും സന്നദ്ധ സംഘടനകൾ, നിയമപാലകർ, കോർപ്പറേറ്റ് പങ്കാളികൾ എന്നിവർ കൈകോർക്കുന്നതിലൂടെ സുരക്ഷിതമായ ഒരു സമൂഹം കെട്ടിപ്പടുക്കാൻ സാധിക്കുമെന്നതിന്റെ തെളിവാണ് ഈ പുതിയ നീക്കമെന്നും ഐസിഎൽ ഫിൻകോർപ് സിഎംഡിയുമായ അഡ്വ. കെ. ജി. അനിൽ കുമാർ, വൈസ് ചെയർമാനും സിഇഒയുമായ ഉമ അനിൽ കുമാർ എന്നിവർ പറഞ്ഞു.




# പാർക്കിൻസൺസ് രോഗത്തിന് 'സ്മാർട്ട്' അഡാപ്റ്റീവ് ഡിബിഎസ് ആരംഭിച്ച് ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** പാർക്കിൻസൺസ് രോഗത്തിന് അഡാപ്റ്റീവ് ഡീപ് ബ്രെയിൻ സ്റ്റിമുലേഷൻ (എഡിബിഎസ്) ആരംഭിച്ച് ആസ്റ്റർ മെഡ്സിറ്റിയിലെ പാർക്കിൻസൺ ആൻഡ് മൂവ്മെന്റ് ഡിസോഡേഴ്സ് സെന്റർ. പാർക്കിൻസൺസ് രോഗമുള്ള രോഗികൾക്ക് കൂടുതൽ മികവുള്ള 'സ്മാർട്ട്' അഡാപ്റ്റേഷൻ ടെക്നോളജിയിലേക്കുള്ള മാറ്റമാണ് ഈ പുതിയ രീതി. പാർക്കിൻസൺസ് ലക്ഷണങ്ങളുമായി ബന്ധപ്പെട്ട് തത്സമയം തലച്ചോറിന്റെ സിഗ്നലുകൾ മനസ്സിലാക്കാനും രാവും പകലും സ്റ്റിമുലേഷന്റെ അളവ് യാന്ത്രികമായി ക്രമീകരിക്കാനും കഴിയുന്ന സാങ്കേതിക മുന്നേറ്റമാണ് അഡാപ്റ്റീവ് ഡിബിഎസ്. രോഗിയുടെ പ്രവർത്തനങ്ങൾ പരിഗണിക്കാതെ ഒരേ കറന്റ് വിതരണം ചെയ്യുന്ന പരമ്പരാഗത സംവിധാനങ്ങളിൽ നിന്ന് വ്യത്യസ്തമായി, എഡിബിഎസ് 'ബ്രെയിൻ തെർമോസ്റ്റാറ്റ്' പോലെ പ്രവർത്തിക്കുന്നു.

പരിചയസമ്പന്നനായ ക്ലിനീഷ്യൻ നിശ്ചയിച്ചിട്ടുള്ള ഡോസേജ് പരിധിക്കുള്ളിൽ, സിസ്റ്റം യാന്ത്രികമായി കറന്റ് കൃത്യമായി നിയന്ത്രിച്ച്, ലക്ഷണങ്ങൾ വഷളാകുമ്പോൾ സ്റ്റിമുലേഷൻ വർദ്ധിപ്പിക്കുകയും അവ മെച്ചപ്പെടുമ്പോഴോ ഉറങ്ങുമ്പോഴോ കുറയ്ക്കുകയും ചെയ്യുന്നു.'വളരെ വ്യക്തികേന്ദ്രീകൃതമായ ഈ സമീപനം, ക്രമീകരണങ്ങളിൽ മാറ്റം വരുത്താതെ തന്നെ രോഗികൾക്ക് ആവശ്യമായ തെറാപ്പി കൃത്യമായി ഏത് നിമിഷവും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നു.' ആസ്റ്റർ കേരള ക്ലസ്റ്റർ പാർക്കിൻസൺസ് & മൂവ്മെന്റ് ഡിസോർഡേഴ്സ് സെന്റർ ഡയറക്ടർ ഡോ. ആശ കിഷോർ പറഞ്ഞു.



മരുന്നുകൊണ്ടു പൂർണമായി നിയന്ത്രിക്കാൻ കഴിയാത്ത വിറയൽ, കാഠിന്യം, മന്ദത തുടങ്ങിയ ലക്ഷണങ്ങൾ ഉള്ള പാർക്കിൻസൺസ് രോഗികൾക്ക് ഡീപ് ബ്രെയിൻ സ്റ്റിമുലേഷൻ (ഡിബിഎസ്) വളരെക്കാലമായി നിലനിൽക്കുന്ന ചികിത്സയാണ്.

തലച്ചോറിന്റെ ഉള്ളിലെ പ്രത്യേക ഭാഗങ്ങളിൽ തീവ്രത കുറഞ്ഞ വൈദ്യുത പൾസുകൾ എത്തിക്കുന്നതിലൂടെ, ചലന നിയന്ത്രണം പുനഃസ്ഥാപിക്കാൻ സഹായിക്കുന്നതും രോഗികൾക്ക് ഏറെ പ്രയോജനകരവുമാണ് ഡിബിഎസ്. ലോകമെമ്പാടുമുള്ള 200,000–ത്തിലധികം രോഗികൾക്ക് ഈ പരിചരണം പ്രയോജനപ്പെട്ടിട്ടുണ്ടെങ്കിലും, ആശുപത്രിയിൽ നേരിട്ട് ഒരു സ്പെഷ്യലിസ്റ്റിന്റെ മേൽനോട്ടത്തിൽ പരമ്പരാഗത ഡിബിഎസിനെയാണ് ഈ സാങ്കേതികവിദ്യ ആശ്രയിക്കുന്നത്.

## ഹജ്ജ് പഠന ക്യാമ്പ് ഏപ്രിൽ 1 ന്

**കൊച്ചി:** ഈ വർഷത്തെ പരിശുദ്ധ ഹജ്ജ് കർമ്മം നിർവഹിക്കുന്നവർക്കായി വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ ജില്ലാ സമിതി സംഘടിപ്പിക്കുന്ന എറണാകുളം ജില്ലാ ഹജ്ജ് പഠന ക്യാമ്പ് ഏപ്രിൽ 1 ന് ബുധനാഴ്ച രാവിലെ 9.00 മുതൽ ഉച്ചയ്ക്ക് 1 മണി വരെ പെരുമ്പാവൂർ, മുടിക്കൽ റീം കൺവെൻഷൻ സെന്ററിൽ വെച്ച് നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. വിശുദ്ധ ഹജ്ജ് കർമ്മങ്ങൾ അബദ്ധം സംഭവിക്കാത്ത വിധം നിർവഹിക്കാൻ വിശ്വാസികളെ പ്രാപ്തമാക്കുക, യാത്രയിലും കർമ്മങ്ങളിലും ത്യാഗസന്നദ്ധരാകാൻ ഉൽബോധിപ്പിക്കുക, ഹജ്ജിന് മുമ്പും ശേഷവും ജീവിത സംസ്കരണത്തിന് വിധേയമാകും വിധമുള്ള ബോധവൽകരണം തുടങ്ങിയവയാണ് ക്യാമ്പിന്റെ മുഖ്യ ലക്ഷ്യങ്ങൾ. പ്രമുഖ പണ്ഡിതൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ഹജ്ജ് പഠന ക്യാമ്പിന് നേതൃത്വം നൽകും. ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഹജ്ജിന്റെ ചടങ്ങുകൾ പ്രായോഗികമായി വിശദീകരിക്കും വിധമാണ് ക്യാമ്പ് ക്രമീകരിച്ചിട്ടുള്ളത്. ഹാജിമാർക്ക് വൈജ്ഞാനിക കിറ്റുകൾ വിതരണം ചെയ്യും. പ്രമുഖ പണ്ഡിതനായ ശമീർ മദീനി സംശയ ക്യാമ്പിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിക്കും, ശുഐബ് മദീനി, യൂസുഫ് അലി സ്വലാഹി എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകും, ഡോ: റമീസ് ഹാജിമാർ ശ്രദ്ധിക്കേണ്ട ആരോഗ്യ കാര്യങ്ങൾ സംബന്ധിച്ച് ക്ലാസെടുക്കും.

# രാജ്യത്തെ ആദ്യ ഐ.എൽ.ഡി ഡിജിറ്റൽ രജിസ്ട്രി അമൃത ആശുപത്രിയിൽ

**കൊച്ചി:** ഇന്റർസ്റ്റീഷ്യൽ ലങ് ഡിസീസ് (ഐ.എൽ.ഡി) ശ്വാസകോശ രോഗങ്ങൾക്കായി രാജ്യത്തെ ആദ്യ പാൻ–ഇന്ത്യ ഡിജിറ്റൽ രജിസ്ട്രിയായ . 'ബിൽഡ് ഐഎൽ.ഡി ജിസ്ട്രി ' (Build ILD Registry) കൊച്ചി അമൃത ആശുപത്രിയിൽ ആരംഭിച്ചു.



അമൃത ഹോസ്പിറ്റൽ സീനിയർ മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ. അജോയ് മേനോൻ രജിസ്ട്രി ഉദ്ഘാടനം ചെയ്തു. അമൃത ആശുപത്രി റെസ്പിറേറ്ററി മെഡിസിൻ വിഭാഗം മേധാവി ഡോ. അസ്മിത മേത്തയുടെ നേതൃത്വത്തിൽ അമൃത ഓഫീസ് ഓഫ് ഡിജിറ്റൽ ഗവർണൻസ്, അമൃത ടെക്നോളജി എന്നിവയുടെ മേൽനോട്ടത്തിലാണ് ഇത് രൂപീകരിച്ചത്.

അമൃത ടെക്നോളജീസ് സി.ഇ.ഒ പ്രദീപ് അച്ചൻ, ഡോ. ശങ്കരൻ നായർ, ബിഫി ചാക്കോ എന്നിവരുടെ സാങ്കേതിക സഹായത്തോടെയാണ് പ്ലാറ്റ്ഫോം വികസിപ്പിച്ചത്. ഇന്ത്യയിലുടനീളമുള്ള 35 പ്രമുഖ കേന്ദ്രങ്ങളെ കോർത്തിണക്കുന്ന ഈ പദ്ധതി, രോഗനിർണ്ണയം വേഗത്തിലാക്കാനും ചികിത്സാ ഗവേഷണങ്ങൾ ശക്തിപ്പെടുത്താനും ലക്ഷ്യമിടുന്നു. ഇന്റർസ്റ്റീഷ്യൽ ലങ് ഡിസീസ് വിഭാഗത്തിലെ രോഗങ്ങളുടെ വകഭേദങ്ങളെ വേഗം തിരിച്ചറിയാനും, നേരത്തെയുള്ള രോഗനിർണ്ണയത്തിനും ചികിത്സയിലൂടെയുള്ള ഫലപ്രാപ്തി മെച്ചപ്പെടുത്താനും രജിസ്ട്രി ഉപയോഗപ്പെടുമെന്ന് ഡോ. അസ്മിത മേത്ത പറഞ്ഞു .

# ആക്സിസ് മാക്സ് ലൈഫും യെസ് ബാങ്കും തമ്മിലുള്ള ബാൻകഷ്വറൻസ് പങ്കാളിത്തം 21 വർഷം പൂർത്തിയാക്കി

**കൊച്ചി:** ആക്സിസ് മാക്സ് ലൈഫ് ഇൻഷുറൻസ് ലിമിറ്റഡും യെസ് ബാങ്ക് ലിമിറ്റഡും തമ്മിലുള്ള ബാൻകഷ്വറൻസ് പങ്കാളിത്തം 21 വർഷം പൂർത്തിയാക്കി. ഇൻഷുറൻസ് സേവനങ്ങൾ കൂടുതൽ സുഗമവും ആധുനിക സാങ്കേതികവിദ്യയുമായി സംയോജിപ്പിക്കുന്നതിനുമാണ് ഈ കൂട്ടുകെട്ട്. ഇതുവഴി യെസ് ബാങ്കിന്റെ 1,300–ലധികം ശാഖകളുടെ ശൃംഖലയെ ഈ പങ്കാളിത്തം പ്രയോജനപ്പെടുത്തുകയും, അതുവഴി ഏകദേശം 18.03 ലക്ഷം പോളിസി ഉടമകളെ സുരക്ഷിതരാക്കുകയും ചെയ്തു. ഇത് ഏകദേശം 1.50 ലക്ഷം കോടി രൂപയിലധികം ക്യുമുലേറ്റീവ് സം അഷ്വേർഡ് നൽകുന്നു.

കുട്ടികളുടെ വിദ്യാഭ്യാസവും, വിരമിക്കൽ ആസൂത്രണവും മുതൽ സമ്പത്ത് സൃഷ്ടിക്കൽ, ടേം പ്രൊട്ടക്ഷൻ തുടങ്ങിയ ആവശ്യങ്ങൾക്കായി ഡിജിറ്റൽ പരിഹാരങ്ങൾ നൽകുന്നതാണ് ഈ സഹകരണം. ഇതുവഴി ഉപഭോക്താക്കൾക്ക് വേഗത്തിൽ ഇൻഷുറൻസ് സേവനങ്ങൾ ലഭിക്കും. ഉപഭോക്തൃ കേന്ദ്രീകൃതമായ വളർച്ചയ്ക്കുവേണ്ടി പരസ്പരം കൈകോർക്കുന്നതിലുള്ള പ്രതിബദ്ധതയാണ് ഈ പങ്കാളിത്തം പ്രതിഫലിപ്പിക്കുന്നതെന്ന് ആക്സിസ് മാക്സ് ലൈഫ് മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ സുമിത് മദൻ പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# മാക്സ് ഫാഷൻ 20–ാം വാർഷികം ആഘോഷിച്ചു




**കൊച്ചി:** പ്രമുഖ വസ്ത്ര ബ്രാൻഡായ മാക്സ് ഫാഷൻ ഇന്ത്യയിൽ 20 വർഷം പൂർത്തിയാക്കിയത് ആഘോഷിച്ചു. ഇതിനോടനുബന്ധിച്ച് ലാക്മേ ഫാഷൻ വീക്ക് വേദിയിൽ ഫാഷൻ ഷോയും കമ്പനി സംഘടിപ്പിച്ചു. ബ്രാൻഡ് അംബാസഡർമാരായ സിദ്ധാർഥ് ചതുർവേദി, അലയ എഫ്, കൽക്കി കൊച്ച്‌ലിൻ എന്നിവർ പങ്കെടുത്ത ഷോയിൽ 35–ലധികം ലുക്കുകൾ അവതരിപ്പിച്ചു. 'അൺസീരിയസ് എവരിതിംഗ്' എന്ന തീമിലാണ് ഫാഷൻ ഷോ സംഘടിപ്പിച്ചത് അർബൻ, സ്പോർട്സ് കോർ, കോർ കാഷ്വൽ എന്നീ വിഭാഗങ്ങൾ അവതരിപ്പിച്ചു.

സിട്രസ് പ്രിന്റുകൾ, ക്രോഷെ ടെക്സ്ചറുകൾ, സ്ത്രീകൾക്കുള്ള കോ-ഓർഡുകൾ, ലെമൺ പ്രിന്റുകൾ, വിന്റേജ് ഫ്ളോറൽസ്, പുരുഷന്മാർക്കുള്ള ഈസി സമ്മർ സിലൗട്ടുകൾ എന്നിവ അർബൻ വിഭാഗത്തിൽ അവതരിപ്പിച്ചു. സ്പോർട്സ് കോറിൽ സ്ത്രീകൾക്കായി ക്രോപ്പ് ചെയ്ത ഫിറ്റുകൾ, ട്യൂബ് ടോപ്പുകൾ, ഓവർസൈസ്ഡ് ടീകൾ എന്നിവയുായിരുന്നു. കോർ കാഷ്വൽ വിഭാഗത്തിൽ കോട്ടൺ സിലൗട്ടുകൾ, സെറീൻ ബ്ലൂസ്, ക്രിസ്പ് വൈറ്റ്സ്, റിലാക്സ്ഡ് ടൈലറിംഗ് എന്നിവ അവതരിപ്പിച്ചു.

ഇന്ത്യ എപ്പോഴും ആകർഷകമായ ഒരു ഫാഷൻ വിപണിയാണെന്നും വർഷങ്ങളായി ആത്മവിശ്വാസത്തോടെയും വ്യക്തിത്വത്തോടെയും സ്റ്റൈലിനെ സമീപിക്കുന്ന ഒരു തലമുറയ്ക്കൊപ്പം മാക്സ് വളർന്നതായും മാക്സ് ഫാഷൻ സിഇഒ സുമിത് ചന്ദന പറഞ്ഞു.

# ഇന്ത്യയെ പത്ത് ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥയാക്കാൻ ദക്ഷിണേന്ത്യ മുന്നിൽ നിൽക്കും: സി.ഐ.ഐ




**കൊച്ചി:** ഇന്ത്യ അഞ്ച് മുതൽ പത്ത് ട്രില്യൺ ഡോളർ സമ്പദ് വ്യവസ്ഥയിലേക്കുള്ള കുതിപ്പ് നടത്തുമ്പോൾ ദക്ഷിണേന്ത്യ അതിന് നേതൃത്വം നൽകുമെന്ന് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സി.ഐ.ഐ.). കൊച്ചിയിൽ നടന്ന സി.ഐ.ഐ. ദക്ഷിണ മേഖലാ വാർഷിക സമ്മേളനത്തിലാണ് പ്രമുഖ വ്യവസായ പ്രമുഖർ ആത്മവിശ്വാസം പ്രകടിപ്പിച്ചത്. ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ (ജി.ഡി.പി.) ദക്ഷിണ സംസ്ഥാനങ്ങൾ നിർണ്ണായക പങ്ക് വഹിക്കുമെന്ന് സി.ഐ.ഐ. ദക്ഷിണ മേഖലാ പുതിയ ചെയർമാൻ പി. രവിചന്ദ്രൻ പറഞ്ഞു.

മിഡിൽ ഈസ്റ്റിലെ സംഘർഷങ്ങൾ കയറ്റുമതിയെയും വിലക്കയറ്റത്തെയും ബാധിച്ചേക്കാമെങ്കിലും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ഇതിനെ മറികടക്കുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. ഇക്കാര്യത്തിൽ സി.ഐ.ഐ. സർക്കാരുമായി നിരന്തരം ചർച്ചകൾ നടത്തുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്ത്യയുടെ ആകെ ചരക്ക് കയറ്റുമതിയുടെ 38 മുതൽ 40 ശതമാനം വരെ ദക്ഷിണേന്ത്യയിൽ നിന്നാണെന്ന് സ്ഥാനമൊഴിഞ്ഞ ചെയർമാൻ തോമസ് ജോൺ മുത്തൂറ്റ് ചൂണ്ടിക്കാട്ടി. ഏകദേശം 124 ബില്യൺ ഡോളറിന്റെ കയറ്റുമതിയാണ് ഈ മേഖലയിൽ നിന്ന് നടക്കുന്നത്. ആറ് ദക്ഷിണ സംസ്ഥാനങ്ങൾ ഒരേ അവസരത്തിനായി പരസ്പരം മത്സരിക്കുകയല്ല, മറിച്ച് പരസ്പര പൂരകങ്ങളായി പ്രവർത്തിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ഗവേഷണ-വികസന മേഖലകളിൽ (R&D) ഇന്ത്യ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് അനിവാര്യമാണെന്ന് സി.ഐ.ഐ. വൈസ് പ്രസിഡന്റും ഭാരത് ബയോടെക് ഇന്റർനാഷണൽ മാനേജിങ് ഡയറക്ടറുമായ ഡോ. സുചിത്ര കെ. എല്ല പറഞ്ഞു. സാങ്കേതിക വിദ്യ കൈമാറിക്കിട്ടാൻ ഇനി കാത്തുനിൽക്കാനാവില്ലെന്നും സ്വന്തമായി നവീന ആശയങ്ങൾ വികസിപ്പിക്കണമെന്നും അവർ വ്യക്തമാക്കി.

നിർമ്മാണ മേഖലയിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസിലും (അക) ദക്ഷിണേന്ത്യയ്ക്ക് വലിയ പങ്കുവഹിക്കാനുണ്ടെന്ന് സി.ഐ.ഐ. പ്രസിഡന്റ് രാജീവ് മേമാനി പറഞ്ഞു. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്, ഭൂമി ഡിജിറ്റലൈസേഷൻ തുടങ്ങിയ കാര്യങ്ങളിൽ സംസ്ഥാന സർക്കാരുകൾ കൂടുതൽ ശ്രദ്ധിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ഇന്ത്യയുടെ ഉത്പാദന ശേഷിയിലും മനുഷ്യവിഭവശേഷിയിലുമുള്ള വിശ്വാസമാണ് വോൾവോ ഗ്രൂപ്പിനെപ്പോലുള്ള ആഗോള കമ്പനികൾ ഇവിടെ നിക്ഷേപം വർദ്ധിപ്പിക്കാൻ കാരണമെന്ന് വോൾവോ ഗ്രൂപ്പ് ഇന്ത്യ എം.ഡി. കമൽ ബാലി പറഞ്ഞു.

# അന്താരാഷ്ട്ര കോളേജുകൾ തുറന്ന് യൂറേഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്

**കൊച്ചി:** ദക്ഷിണേന്ത്യയിൽ ആദ്യമായി അന്താരാഷ്ട്ര കോളേജുകൾ തുറന്ന് യൂറേഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്. യുകെ, സിംഗപ്പൂർ, മാൾട്ട എന്നീ രാജ്യങ്ങളിൽ നിന്നുള്ള അന്താരാഷ്ട്ര സർവകലാശാലകളുടെ അംഗീകാരത്തോടെ കൊച്ചിയിൽ ചെല്ലാനത്ത് യൂറേഷ്യൻ ലിയോ ഇന്റർനാഷനൽ, വാകത്താനത്ത് സ്കിംറ്റ് ഇന്റർനാഷനൽ എന്നീ കോളേജുകളാണ് ആദ്യഘട്ടത്തിൽ തുറന്നത്. ബിസിനസ് മാനേജ്മെന്റ്, എഐ, സൈബർ സെക്യൂരിറ്റി, ലക്ഷ്വറി ബ്രാൻഡ് മാനേജ്മെന്റ്, ഓട്ടോമോട്ടീവ് എൻജിനീയറിംഗ്, ഫാഷൻ ടെക്നോളജി, സൈക്കോളജി, ഹോസ്പിറ്റാലിറ്റി എന്നീ വിഷയങ്ങളിൽ ലെവൽ 2 മുതൽ ലെവൽ 7 വരെയുള്ള ഡിപ്ലോമ, യുജി, പിജി പ്രോഗ്രാമുകൾക്കുള്ള പ്രവേശനം ആരംഭിച്ചതായും ആദ്യബാച്ച് മെയ് മാസത്തിൽ അധ്യയനമാരംഭിക്കുമെന്നും യൂറേഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എംഡി വിഷ്ണു സജീവ് പറഞ്ഞു. കോട്ടയത്ത് 10 ഏക്കറിലും കൊച്ചിയിൽ 5 ഏക്കറിലുമായി വിശാലമായ ക്യാമ്പസ്സുകളാണ് ഒരുക്കിയിരിക്കുന്നത്. രണ്ട് കോളേജുകളും വിദേശ ക്യാമ്പസുകളിലും ഇവിടെയുമായി പഠനം പൂർത്തിയാക്കും വിധമുള്ള ടിന്നിംഗ് വിദ്യാഭ്യാസ സംവിധാനവും നടപ്പാക്കും. ഇതനുസരിച്ച് ആദ്യ ര ണ്ട് വർഷം കേരളത്തിലെ ക്യാമ്പസുകളിൽ പഠനം പൂർത്തിയാക്കിയ ശേഷം അവസാന വർഷം വിദേശ രാജ്യങ്ങളിലെ പങ്കാളി സർവകലാശാലകളിൽ പഠനം തുടർന്നു കോഴ്സ് പൂർത്തിയാക്കാൻ അവസരം ലഭിക്കും. ഇതിലൂടെ വിദേശ പഠനവുമായി ബന്ധപ്പെട്ടുണ്ടാകാവുന്ന വലിയ സാമ്പത്തിക ബാധ്യതകൾ ഗണ്യമായി കുറയ്ക്കാൻ വിദ്യാർത്ഥികൾക്ക് സാധിക്കും. ഇതിനൊപ്പം വിദേശത്തേക്ക് പോകാൻ ആഗ്രഹിക്കാത്തവർക്ക് മുഴുവൻ പഠനവും ഇന്ത്യയിൽ നിന്നുതന്നെ പൂർത്തിയാക്കി, അന്താരാഷ്ട്ര സർവകലാശാലകളുടെ അംഗീകൃത സർട്ടിഫിക്കറ്റ് നേടാനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യകളും അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠന സൗകര്യങ്ങളും കോളേജുകളിൽ സജ്ജീകരിച്ചിട്ടുണ്ടെന്നും വിദേശത്തു നിന്നെത്തുന്നവരുൾപ്പെട്ട പ്രഗത്ഭരായ ഫാക്കൽറ്റി അംഗങ്ങൾ ക്ലാസുകൾ നയിക്കുമെന്നും വിഷ്ണു സജീവ് പറഞ്ഞു.

# കൊച്ചി ബിനാലെ സന്ദർശിച്ച് ഉന്നത ബി പി സി എൽ ഉദ്യോഗസ്ഥർ; വരും വർഷങ്ങളിലും പിന്തുണ ഉറപ്പ്

**കൊച്ചി:** ആറാമത് കൊച്ചി-മുസിരിസ് ബിനാലെയുടെ മുഖ്യ സ്പോൺസറായ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബിപിസിഎൽ) ഉന്നത ഉദ്യോഗസ്ഥർ ബിനാലെ വേദികൾ സന്ദർശിച്ചു. ബിപിസിഎൽ ചീഫ് ജനറൽ മാനേജർ (എച്ച്ആർ) ജോർജ് തോമസ്, കൊച്ചി റിഫൈനറി ബ്രാൻഡ് മാനേജർ കവിത മാത്യു എന്നിവരടങ്ങുന്ന സംഘമാണ് സന്ദർശനം നടത്തിയത്. കൊച്ചി ബിനാലെ ഫൗണ്ടേഷൻ സിഇഒ തോമസ് വർഗീസ് അടക്കമുള്ള ബിനാലെ പ്രതിനിധികൾ ഇവരെ സ്വീകരിച്ചു.

ബിനാലെയിലെ വിവിധ പ്രദർശന ഇടങ്ങളും കലാസൃഷ്ടികളും തോമസ് വർഗീസ് ഉദ്യോഗസ്ഥർക്ക് പരിചയപ്പെടുത്തി. കൊച്ചിയെ സമകാലീന കലയുടെ പ്രധാന കേന്ദ്രമാക്കി മാറ്റുന്നതിൽ ബിപിസിഎൽ നൽകുന്ന സഹകരണം അതീവ പ്രാധാന്യമർഹിക്കുന്നതാണെന്ന് തോമസ് വർഗീസ് പറഞ്ഞു. ബിനാലെ എല്ലാവർക്കും പ്രാപ്യമാകുന്ന രീതിയിൽ നിലനിർത്താൻ ബിപിസിഎല്ലിന്റെ സാമ്പത്തിക സഹായം സഹായകരമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



ബിനാലെ കേരളത്തിന്റെ ഒരു അടയാളമാണെന്ന് ബിപിസിഎൽ ചീഫ് ജനറൽ മാനേജർ (എച്ച്ആർ) ജോർജ്ജ് തോമസ് പറഞ്ഞു, ഇതിനെ ഇന്ത്യയുടെ സമകാലീന കലയുടെ പ്രതീകമായി കണക്കാക്കാം. ബിനാലെ ആദ്യ പതിപ്പിൽ പങ്കെടുത്തിട്ടുണ്ടെങ്കിലും പ്രദർശനത്തെക്കുറിച്ച് ലഭിച്ച വിവരണം കൂടുതൽ ഉൾക്കാഴ്ചകൾ നൽകി. കൊച്ചി ഇന്ന് ഇന്ത്യയുടെ 'ബിനാലെ നഗരം' എന്നാണ് പരക്കെ അറിയപ്പെടുന്നത്. രാജ്യത്ത് തന്നെ ഇത്രയും വ്യത്യസ്തമായ ഒരു പരിപാടി തുടരേണ്ടത് അത്യാവശ്യമാണ്, വരും വർഷങ്ങളിലും ബിപിസിഎലിന്റെ പിന്തുണ അദ്ദേഹം ഉറപ്പുനൽകി. ദക്ഷിണേഷ്യയിലെ പ്രധാന കലാവേദികളിലൊന്നായ ബിനാലെയെ അടുത്തറിയാൻ ഈ അവസരം ഉദ്യോഗസ്ഥർക്ക് സഹായകമായി.

# രാജ്യത്തെ ആദ്യ സമ്പൂർണ ലൈഫ് സ്റ്റൈൽ കോൺസെപ്റ്റ് സലോൺ വെണ്ണലയിൽ

**കൊച്ചി:** ഇന്ത്യയിലെ ആദ്യ സമ്പൂർണ ലൈഫ്സ്റ്റൈൽ കോൺസെപ്റ്റ് സലോൺ വെണ്ണലയിൽ പ്രവർത്തനം ആരംഭിച്ചു. പരമ്പരാഗത സലോൺ സങ്കല്പങ്ങളെ അടിമുടി മാറ്റിക്കൊണ്ട് പ്രീമിയം സലോണും കഫേയും ഒരേ മേൽക്കൂരയ്ക്ക് കീഴിൽ സമന്വയിപ്പിക്കുന്ന ഈ നവീന സംരംഭം ചലച്ചിത്ര താരം ലിജോമോൾ ജോസ് ഉദ്ഘാടനം ചെയ്തു. വെറുമൊരു ബ്യൂട്ടി പാർലർ എന്നതിലുപരി ഒരു സവിശേഷമായ 'അനുഭവം' (Experience) നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ കോൺസെപ്റ്റ് സലോൺ രൂപകല്പന ചെയ്തിരിക്കുന്നത്. ഉപഭോക്താക്കൾക്ക് ശാന്തവും പ്രീമിയവുമായ അന്തരീക്ഷം ഉറപ്പ് നൽകുന്നതിനായി മൂന്ന് നിലകളിലായി വ്യാപിച്ച് കിടക്കുന്ന കോൺസെപ്റ്റ് സലോൺ 'കേവ്-തീമിൽ' (Cave-theme) ആണ് ഒരുക്കിയിരിക്കുന്നത്. ഹെയർ ഡ്യൂയറ്റ് സലോണും കോഫി ഡ്യൂയറ്റ് കഫേയും ഒരേപോലെ ഇഴചേർന്ന് നിൽക്കുന്ന ഈ കോൺസെപ്റ്റിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഹെയർ, സ്കിൻ, നെയിൽ ട്രീറ്റ്മെന്റുകൾക്കൊപ്പം തന്നെ ആർട്ടിസനൽ കോഫിയും ക്യൂറേറ്റഡ് ഭക്ഷണ വിഭവങ്ങളും ആസ്വദിക്കാൻ സാധിക്കും. ഓരോ നിലയിലും പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള ഫോട്ടോ പോയിന്റുകളും അത്യാധുനിക സൗകര്യങ്ങളും ഈ കോൺസെപ്റ്റ് സ്പേസിനെ ഒരു കംപ്ലീറ്റ് പ്രീമിയം ലൈഫ്സ്റ്റൈൽ ഡെസ്റ്റിനേഷനായി മാറ്റുന്നു. വെണ്ണല ഹൈസ്കൂൾ റോഡിൽ സ്ഥിതി ചെയ്യുന്ന കോൺസെപ്റ്റ് സലോൺ ദിവസവും രാവിലെ 10 മുതൽ രാത്രി 10 വരെ പ്രവർത്തിക്കും.




# ഡേവിഡ് കറ്റാല പടിയിറങ്ങി; ആഷ്‌ലി വെസ്റ്റ്‌വുഡ് ബ്ലാസ്റ്റേഴ്സിന്റെ പുതിയ പരിശീലകൻ

**കൊച്ചി:** ഐഎസ്എലിൽ തുടർച്ചയായി പരാജയത്തെ തുടർന്ന് ഹഡ് കോച്ച് ഡേവിഡ് കറ്റാല കേരള ബ്ലാസ്റ്റേഴ്സ് എഫ്.സിയുടെ പടിയിറങ്ങി. പുതിയ ഹെഡ് കോച്ചായി ആഷ്‌ലി വെസ്റ്റ്‌വുഡിനെ നിയമിച്ചതായി ക്ലബ്ബ് മാനേജ്മെന്റ് അറിയിച്ചു. നടപ്പുസീസണിന്റെ അവസാനം വരെയാണ് കരാർ. ഡേവിഡ് കറ്റാലയ്ക്കൊപ്പം സ്ട്രെങ്ത് ആൻഡ് കീഷനിംഗ് കോച്ച് അലെയ്ക്സ് മോറ, ഗോൾകീപ്പിംഗ് കോച്ച് അലക്സ് ഒർട്ടീസ് സാഞ്ചസ് എന്നിവരും ക്ലബ്ബിൽ നിന്ന് പടിയിറങ്ങും. 2025 മാർച്ചിലാണ് കറ്റാല ബ്ലാസ്റ്റേഴ്സിന്റെ പരിശീലകനായി ചുമതലയേറ്റത്. തന്റെ കാലയളവിൽ ഐഎസ്എല്ലിലും രണ്ട് സൂപ്പർ കപ്പ് ടൂർണമെന്റുകളിലും അദ്ദേഹം ടീമിനെ നയിച്ചുവെങ്കിലും ഐഎസ്എലിന്റെ ഈ സീസണിൽ ഇതുവരെ ബ്ലാസ്റ്റേഴ്സിന് ഒരു മൽസരം പോലും ജയിക്കാനായിരുന്നില്ല. ഇതിന് പിന്നാലെയാണ് കറ്റാലയുടെ പടിയിറക്കം.



ഇന്ത്യൻ ഫുട്ബോളിൽ വലിയ പരിചയസമ്പത്തുള്ള പരിശീലകനാണ് പുതിയ കോച്ച് ആഷ്‌ലി വെസ്റ്റ്‌വുഡ്. ബംഗളൂരു എഫ്സിയെ രണ്ട് തവണ ഐ-ലീഗ് കിരീടത്തിലേക്കും ഒരു തവണ ഫെഡറേഷൻ കപ്പ് വിജയത്തിലേക്കും നയിച്ച അദ്ദേഹം, മുൻപ് എടികെ, പഞ്ചാബ് എഫ്സി എന്നീ ടീമുകളെയും പരിശീലിപ്പിച്ചിട്ടുണ്ട്. ഹോങ്കോങ് ദേശീയ ഫുട്ബോൾ ടീമിന്റെ പരിശീലകനായാണ് അദ്ദേഹം ഏറ്റവും ഒടുവിൽ പ്രവർത്തിച്ചത്. വരാനിരിക്കുന്ന മത്സരങ്ങൾക്കുള്ള തയ്യാറെടുപ്പുകൾക്കായി അദ്ദേഹം ഉടനടി ടീമിന്റെ ചുമതലയേൽക്കും. ആഷ്‌ലിയുടെ ഇന്ത്യൻ ഫുട്ബോളിനെക്കുറിച്ചുള്ള അറിവും പരിചയസമ്പത്തും ടീമിന് വലിയ ഗുണം ചെയ്യുമെന്ന് കേരള ബ്ലാസ്റ്റേഴ്സ് സിഇഓ അഭിക് ചാറ്റർജി പറഞ്ഞു.

വലിയ ആരാധക പിന്തുണയും പ്രതീക്ഷകളുമുള്ള ക്ലബ്ബാണ് കേരള ബ്ലാസ്റ്റേഴ്സ്. ഈ സ്ഥാനത്തിന്റെ ഉത്തരവാദിത്തത്തെക്കുറിച്ച് ഞാൻ പൂർണ്ണ ബോധവാനാണ്. വരും ദിവസങ്ങളിൽ ടീമിനെയും സ്റ്റാഫിനെയും അടുത്തറിയുന്നതിനും കളിക്കാർക്കൊപ്പം പ്രവർത്തനം ആരംഭിക്കുന്നതിനുമാണ് ഞാൻ മുൻഗണന നൽകുന്നതെന്ന് ആഷ്‌ലി വെസ്റ്റ്‌വുഡ് പറഞ്ഞു. കൊച്ചിയിലെത്തിയ ആഷ്‌ലി വെസ്റ്റ്‌വുഡ് വരും ദിവസങ്ങളിൽ ടീം പരിശീലനം പുനരാരംഭിക്കുന്നതോടെ സ്ക്വാഡിന്റെ ചുമതലയേൽക്കും.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

Liva KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065,
RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA

FACTORY : KERALA
Kairady PO, Palakkad
+91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com